# സുവിശേഷ ശുശ്രൂഷയുടെ മഹത്വം

**Pastor**
**Mathew Samuel**

Many ministers of the gospel do not seem to be aware of the high status of their ministry. If this glorious ministry is performed without joy in the heart and thankfullness to God, it will certainly be a heavy burden for them. Apostle Paul's words are worth remembering: *"I thank Christ Jesus our Lord, who has given me strength, that he considered me trustworthy, appointing me to his service"*

*(1 Tim. 1:12)*

സുവിശേഷ ശുശ്രൂഷകരിൽ ചിലരെങ്കിലും തങ്ങളുടെ ശുശ്രൂഷയുടെ മഹത്വത്തെക്കുറിച്ച് വേണ്ടവിധം ബോധവാന്മാരാണോ എന്നു സംശയിക്കേണ്ടിയിരിക്കുന്നു. ''സ്കൂൾ ഫൈനൽ പാസായതാണോ'' എന്നു ശുശ്രൂഷകനോട് ഒരു വിശ്വാസി ചോദിച്ചപ്പോൾ, ''എങ്കിൽ ഞാൻ മറ്റുവല്ല പണിക്കും പോകുമായിരുന്നല്ലോ'' എന്ന് അദ്ദേഹം മറുപടി പറഞ്ഞുപോലും. വീണ്ടുവിചാരം കൂടാതെയുള്ള മറുപടിയായിരുന്നു ശുശ്രൂഷകന്റേത് എന്ന് എടുത്തുപറയേണ്ടതില്ലല്ലോ. ഏതായാലും ആ ശുശ്രൂഷകനെ കുറിച്ച് വളരെ താണ അഭിപ്രായമായിരുന്നു വിശ്വാസിക്ക് ഉണ്ടായിരുന്നതെന്ന് നേരിട്ടു ഞാനറിഞ്ഞു. അദ്ദേഹം ഇന്നും ശുശ്രൂഷകനായി തുടരുന്നു എന്നാണെന്റെ അറിവ്. സന്തോഷത്തോടായിരിക്കയില്ല, ഞരങ്ങിയും പിറുപിറുത്തും കൊണ്ടായിരിക്കും താൻ ദിവസങ്ങൾ തള്ളിനീക്കുന്നത്. കഷ്ടം തന്നെ !

ഇദ്ദേഹത്തെപ്പോലെ തുറന്നു പറയുന്നില്ലെങ്കിലും ഹൃദയത്തിൽ അപകർഷതാബോധവും ഞരക്കവും അനുഭവിക്കുന്നവർ വേറെയും പലർ കാണാതിരിക്കയില്ല എന്നു ഞങ്ങൾ കരുതുന്നു. തികഞ്ഞ കൃതജ്ഞതാനിർഭരരും സന്തോഷഭരിതരുമായി ഈ മഹൽ ശുശ്രൂഷ നിർവ്വഹിക്കാത്തിടത്തോളം, സുവിശേഷ ശുശ്രൂഷ ഏറ്റം ഭാരമേറിയതായിരിക്കും; സന്ദേഹമില്ല. പ്രത്യേകിച്ചും, ഹൃദയമിടുപ്പിനും നിരാശയ്ക്കും കാരണമായ പല തിക്താനുഭവങ്ങളും മാറാതെ അനുഭവിക്കേണ്ടിവരുന്ന സാഹചര്യങ്ങൾ സുവിശേഷ ശുശ്രൂഷയിൽ ധാരാളമാണല്ലോ. ദൈവസ്നേഹം വെടിഞ്ഞു സ്വയ സ്നേഹികളായി മനുഷ്യർ മാറിക്കൊണ്ടിരിക്കുന്ന ഇക്കാലയളവ് സുവിശേഷ ശുശ്രൂഷയ്ക്കു തികച്ചും അനുകൂലമല്ല.

പൗലോസിന്റെ വാക്കുകൾ ഇവിടെ പ്രത്യേകം കുറിക്കൊള്ളേണ്ടതത്രേ. ''ജാതികളുടെ അപ്പോസ്തലനായിരിക്കയാൽ ഞാനെന്റെ സ്വജാതിക്കാർക്കു വല്ലവിധേനയും സ്പർദ്ധ ജനിപ്പിച്ചു, അവരിൽ ചിലരെ രക്ഷിക്കാമെങ്കിലോ എന്നുവെച്ചു തന്നെ ഞാനെന്റെ ശുശ്രൂഷയെ പുകഴ്ത്തുന്നു.'' (റോമർ 11:13-14), ''എനിക്കു ശക്തി നൽകിയ ക്രിസ്തുയേശു എന്ന നമ്മുടെ കർത്താവ്, എന്നെ വിശ്വസ്തനെന്നെണ്ണി, ശുശ്രൂഷയ്ക്ക് ആക്കിയതുകൊണ്ട് ഞാനവനെ സ്തുതിക്കുന്നു.'' (തിമോ. 1:12).

സുവിശേഷവേലയിൽ എപ്പോഴും അനുകൂല സാഹചര്യമായിരുന്നുവോ പൗലോസിന് ലഭിച്ചിരുന്നത്? റോമാലേഖനമെഴുതിയ കാലയളവിൽ തന്നെ എഴുതപ്പെട്ട കൊരിന്ത്യരുടെ രണ്ടാം ലേഖനത്തിൽ, സുവിശേഷ സംബന്ധമായി തനിക്കു നേരിടേണ്ടിവന്ന പ്രതികൂലാനുഭവങ്ങളുടെ പട്ടിക തന്നെ നമുക്കു ലഭിക്കുന്നുവല്ലോ (2 കൊരി. 11:23-33). ഇതെല്ലാം അനുഭവിച്ച പൗലോസ് പറയുന്നു. ''ഞാനെന്റെ ശുശ്രൂഷയെ പുകഴ്ത്തുന്നു.'' ശുശ്രൂഷകളിൽ നിരന്തരം തന്നെ എതിർത്തിരുന്ന സ്വജാതിക്കാരുടെ രക്ഷയ്ക്കു കാരണമായി തന്റെ ശുശ്രൂഷ തീരുമെന്നുള്ളതാണ് ഈ പ്രശംസയ്ക്കു കാരണമെന്നത് വിചിത്രമല്ലേ! അതേ, ഇത്രയെല്ലാം കൈപ്പേറിയ അനുഭവങ്ങൾ ഉണ്ടായിരുന്നിട്ടും തന്റെ ബദ്ധവൈരികളിൽ ചിലരെങ്കിലും രക്ഷിക്കപ്പെടുവാൻ തന്റെ ശുശ്രൂഷ തീരുമെന്ന് ഓർത്തപ്പോഴാണ് പൗലോസ് ഈ മഹൽശുശ്രൂഷയെക്കുറിച്ച് പ്രശംസിച്ചത്.

റോമിലെ തന്റെ ഒന്നാം കാരാഗൃഹാനന്തരമാണല്ലോ, തിമോഥയോസിന്റെ ഒന്നാം ലേഖനവും തീത്തോസിന്റെ ലേഖനവും എഴുതപ്പെട്ടത്. തിമോഥയോസിന്റെ രണ്ടാം ലേഖനം തന്റെ അന്ത്യരേഖയായി റോമിൽ തന്റെ രണ്ടാം കാരാഗൃഹവാസകാലത്ത് എഴുതപ്പെട്ടതുമാണല്ലോ. റോമാ ലേഖനം എഴുതപ്പെട്ടതിനുശേഷം തനിക്കു നേരിടേണ്ടിവന്ന പ്രതികൂലാനുഭവങ്ങൾ ചരിത്രകാരനായ ലൂക്കോസ് വിശദീകരിച്ചിട്ടുണ്ട് (പ്രവൃത്തി 21-28 അദ്ധ്യായങ്ങൾ). യെരുശലേമിൽ അതിക്രൂരമായ പീഢനത്തിനും കൈയേറ്റത്തിനും പൗലോസ് വിധേയനായി. തന്റെ ജീവൻ ക്രൂരഹസ്തങ്ങളിൽ നിന്ന് അത്ഭുതകരമായി വിടുവിക്കപ്പെട്ടു. കൈസര്യയിലെ കാരാഗൃഹത്തിൽ രണ്ടു സംവത്സരം താൻ കഴിയേണ്ടിവന്നു (പ്രവൃത്തി 24:26-27). തുടർന്നു, റോമിലേക്കുള്ള യാത്രയിൽ വലിയ കപ്പൽച്ചേതത്തിൽ അകപ്പെടുകയുണ്ടായി. മെലിത്താ ദ്വീപിൽ വച്ച് സർപ്പദംശനം ഏറ്റു. റോമിൽ നീണ്ട ചില വർഷങ്ങൾ താൻ തടവുകാരനായി കഴിഞ്ഞു. അതിനുശേഷം തിമോഥിയോസിനെഴുതുമ്പോൾ ധൈര്യപൂർവ്വം പൗലോസ് പറയുകയാണ്. ''എന്നെ വിശ്വസ്തനെന്നെണ്ണി ഈ ശുശ്രൂഷയ്ക്കു ദൈവം ആക്കിയതുകൊണ്ടു ഞാൻ അവനെ സ്തുതിക്കുന്നു.''

അതേ, സുവിശേഷ ശുശ്രൂഷയുടെ മഹത്വം അൽപമെങ്കിലും അനുഭവിച്ചവർക്ക് ഈ മഹാ

*(ശേഷം പേജ് ..... 23 ൽ)*

# യേശു ദുഃഖിച്ച സമയത്തും പ്രാർത്ഥിച്ചിരുന്നു

- നാം ചിന്തിക്കാത്ത മേഖലയിലും അവൻ നമുക്കുവേണ്ടി ചിന്തിക്കുന്നതുകൊണ്ടാണ് ചിലപ്പോൾ നേട്ടങ്ങളും നന്മകളുമെല്ലാം നമ്മുടെ കയ്യിൽ വന്നശേഷവും കൈവിട്ടുപോകുന്നത്.
- കർത്താവിനു വേണ്ടിയുള്ള അദ്ധ്വാനത്തിന്റെ തിരക്കിൽ, ചിലർ കർത്താവിനെ മറന്നിരിക്കയാണ്.
- ദുഃഖങ്ങളില്ലാത്ത ഒരു ഭാവനാലോകമല്ല ദുഃഖങ്ങളെ കീഴടക്കുന്ന ഒരു യഥാർത്ഥ ലോകമാണ് ബൈബിൾ വിഭാവന ചെയ്യുന്നത്.
- പ്രാർത്ഥനാ സമയത്ത് ഉറക്കം തൂങ്ങുന്നവർ പിന്നീട് ഉറങ്ങാൻ വേണ്ടി പ്രാർത്ഥിക്കേണ്ടിവരും.
- പ്രാർത്ഥന അത്ര നിസാര വേല അല്ല രക്തം വിയർക്കുന്ന വേലയാണ്.
- കർത്താവിന്റെ മുമ്പിൽ വീഴുന്നവർ മനുഷ്യന്റെ മുമ്പിൽ വീഴേണ്ടി വരില്ല.
- നീ പ്രാർത്ഥിക്കാതെ ഉറങ്ങുന്നത് പക്ഷെ കർത്താവു ക്ഷമിക്കും. എന്നാൽ സാത്താൻ മുതലെടുക്കും സൂക്ഷിക്കുക.
- പരീക്ഷയിൽ അകപ്പെടാതിരിപ്പാൻ ഉണർന്നിരുന്ന് പ്രാർത്ഥിപ്പിൻ.

മത്തായി 26:36-46 ഗത്ത്ശേമെന എന്ന സ്ഥലത്ത് യേശു തമ്പുരാൻ കഴിച്ച അതികഠിനമായ പ്രാർത്ഥനയാണ് പറഞ്ഞിരിക്കുന്നത്. ''എന്റെ ഉള്ളം മരണവേദനപോലെ അതിദുഃഖിതമായിരിക്കുന്നു'' എന്നു നമ്മുടെ കർത്താവു പറഞ്ഞിരിക്കുന്നതിനാൽ വേദനയുടെ കാഠിന്യം ഗ്രഹിക്കാം. നമുക്ക് സകലത്തിലും മാതൃകയായ നമ്മുടെ അരുമനാഥൻ ദുഃഖസമയത്തു പ്രാർത്ഥനയ്ക്കായി ഒരു ഏകാന്ത സ്ഥലം കണ്ടെത്തി. ആ കാഠിന്യമേറിയ വിഷയം മാറിപ്പോയില്ലെങ്കിലും അതിനെ അതിജീവിക്കാനുള്ള ശക്തി അവനു ലഭിച്ചു.

പ്രിയരേ, ദുഃഖത്തിന്റെ ചില അവസരങ്ങളും നമുക്കുണ്ടാകാം. ആ സമയത്തു നമ്മുടെ കർത്താവു കാണിച്ച മാതൃക തന്നെ നമുക്കും പിൻതുടരാം. എത്രയോ പർവ്വത തുല്യമായ വിഷയങ്ങൾ പ്രാർത്ഥനയാൽ മാറിയിട്ടുണ്ട്. ചിലതു മാറുന്നില്ലെങ്കിൽ കർത്താവു നിനക്കു ശക്തി തരും. ഈ യോർദ്ദാൻ കടക്കുവോളം അവൻ നിന്നെ കൈകളിൽ താങ്ങിക്കൊള്ളും.

ഈ പ്രാർത്ഥനയിൽ യേശു തന്റെ അരുമ ശിഷ്യരിൽ ചിലരെക്കൂടി കൊണ്ടുപോയി. കഠിനമായ ദുഃഖസമയത്ത് ഒറ്റയ്ക്ക് പ്രാർത്ഥിപ്പാൻ വിഷമമാണെങ്കിൽ ഉറ്റ പ്രാർത്ഥനാ സുഹൃത്തുക്കളെക്കൂടി വിവരമറിയിക്കുക. അന്യോന്യം ഹൃദയം പകർന്നു പ്രാർത്ഥിക്കുന്നത് വളരെ പ്രയോജന പ്രദമാണ്. ദുഃഖങ്ങളില്ലാത്ത ഒരു മനുഷ്യജീവിതം സാദ്ധ്യമാണെന്നു തോന്നുന്നില്ല. എല്ലാവരുടെയും ആഗ്രഹം ദുഃഖമില്ലാത്തൊരു ലോകമാണ്. നമ്മുടെ കർത്താവിന്റെ മടങ്ങിവരവിൽ മാത്രമെ ആ സ്വപ്നം സഫലീകരിക്കപ്പെടുകയുള്ളൂ. എന്നാൽ ദുഃഖങ്ങളും സന്തോഷങ്ങളും ഇടകലർന്ന ഈ ലോകത്തിൽ ദുഃഖത്തെ സന്തോഷമായും കയ്പിനെ മധുരമായും വിലാപത്തെ നൃത്തമായും മാറ്റുന്ന ഒരു മാർഗ്ഗമുണ്ട്. അതാണ് പ്രാർത്ഥന. ഒരിക്കൽ മാത്രമല്ല എന്നും എല്ലായ്പോഴും ദുഃഖങ്ങളില്ലാത്ത ഒരു ഭാവനാലോകമല്ല ദുഃഖങ്ങളെ കീഴടക്കുന്ന ഒരു യഥാർത്ഥ ലോകമാണ് ബൈബിൾ വിഭാവന ചെയ്യുന്നത്.

ഗത്ശേമനയിലെ പ്രാർത്ഥനയിൽ നിന്നും 10 പാഠങ്ങൾ

1. യൂദ ഗത്ശേമനക്കു മുമ്പു സ്ഥലം വിട്ടിരുന്നു

നാശയോഗ്യനെ പുറത്താക്കാൻ നിയമ നടപടിയെക്കാൾ ഉത്തമം ഗത്ശേമന തന്നെ വേദനപ്പെട്ടു പ്രാർത്ഥിക്കുന്ന സമൂഹത്തിൽ യൂദക്കു ഇരിക്കാൻ കഴിയുകയില്ല. ഇത്തരക്കാർ എല്ലാക്കാലത്തും ദൈവസഭയിലുണ്ടാകും എന്നാൽ ഗത്ശേമന വെളിപ്പെടുമ്പോൾ അവർ പുറത്താകും. ഇക്കാലത്തെ യൂദാമാർ വെളിപ്പെടാതെ അകത്തു തന്നെ വിലസുന്നതു ഗത്ശേമന ആരംഭിക്കാത്തതുകൊണ്ടാണ്.

2. പ്രാർത്ഥനയിൽ ഉറങ്ങുന്നവർ

പത്രോസും കൂട്ടരും ഗത്ശേമനയിൽ ഉറങ്ങുന്നു. ഉറക്കം വരാത്ത ആളുകളെ പ്രാർത്ഥനയ്ക്കു കൊണ്ടുപോയാൽ മതി. അവർ യോഗത്തിൽ ഉറങ്ങുന്നതു കാണാം. പ്രാർത്ഥനാ സമയത്ത് ഉറക്കം തൂങ്ങുന്നവർ പിന്നീട് ഉറങ്ങാൻ വേണ്ടി പ്രാർത്ഥിക്കേണ്ടിവരും. ഈ സംഭവത്തിനുശേഷം പത്രോസിനു പിന്നീട് ഉറക്കം വരാത്ത ദിനങ്ങളായിരുന്നു.

3.കാഠിന്യമേറിയ പ്രാർത്ഥനാ പോരാട്ടത്തിന് അധികം ആളുകൾ ആവശ്യമില്ല.

ആൾക്കൂട്ടവും പ്രാർത്ഥനയും തമ്മിൽ യാതൊരു ബന്ധവുമില്ല. ശക്തമായ പ്രാർത്ഥനയിലൊന്നും അധികം ആളുകൾ ഉണ്ടായിരുന്നില്ല. നമ്മുടെ കർത്താവിനു ഗത്ശേമനയിൽ ഒരു

*(ശേഷം പേജ് ..... 18 ൽ)*

**പാസ്റ്റർ ബാബു ചെറിയാൻ, പിറവം.**

- ഒന്നുപേക്ഷിക്കാതെ മറ്റൊന്ന് നേടുക പ്രയാസമാണ്.
- സുഖകരമായ കിടക്ക വിടാതെ ശക്തമായ പ്രാർത്ഥന സാധ്യമല്ല.
- നാം കർത്താവിനെ അന്വേഷിച്ചാൽ ജനം നമ്മെ അന്വേഷിക്കും.
- ജീവിതത്തിലെ വർദ്ധിച്ചുവരുന്ന തിരക്കുകൾ പ്രാർത്ഥന കുറക്കാനുള്ള ന്യായീകരണമാകരുത്. പ്രാർത്ഥന കൂട്ടാനുള്ള മുന്നറിയിപ്പാണ്.

# അയോഗ്യമായി വസ്ത്രം ധരിക്കുമ്പോൾ

**പാപാന്ധകാരം കൊണ്ട് മൂടിയിരിക്കുന്ന സമൂഹത്തിൽ പ്രകാശം കൊടുത്ത്, വഴികാട്ടേണ്ടത് ദൈവമക്കളാണ്. പക്ഷേ, വെളിച്ചത്തിനു ചേരാത്ത പ്രവൃത്തികളും ജീവിത ശൈലികളും ഇവിടത്തെ ഇരുട്ടിനു കൂടുതൽ കനം കൂട്ടുകയാണെന്നു മറക്കരുത്.**

*പാസ്റ്റർ റെജി മൂലേടം*

**പ്രശസ്ത** ഇംഗ്ലീഷ് സാഹിത്യകാരൻ വില്യം ഷേക്സ്പിയർ എഴുതി: വസ്ത്രധാരണം വ്യക്തിത്വത്തെ വെളിപ്പെടുത്തുന്നു.

ക്രൈസ്തവാരാധനകളിൽ മാന്യമായി വസ്ത്രം ധരിക്കണമെന്ന നിർദ്ദേശം ചില നാളുകൾക്കു മുൻപു നൽകിയിരുന്നു. അടുത്ത കാലത്തു കൂടുതൽ ഇടപെടലുകൾ വിവിധ കേന്ദ്രങ്ങളിൽ നിന്നു ഇതു സംബന്ധിച്ച് ഉണ്ടായിക്കൊണ്ടിരിക്കയാണ്. അതേസമയം, ഇന്ത്യയിൽ ഏറ്റവുമധികം വരുമാനമുള്ള ഹൈന്ദവ തീർത്ഥാടനകേന്ദ്രമായ തിരുപ്പതിയിൽ ചില നാളുകൾക്കു മുൻപു വസ്ത്രധാരണച്ചട്ടം നടപ്പിലാക്കുകയുണ്ടായി. ക്ഷേത്രാചാരങ്ങൾക്കു വിരുദ്ധമായ വസ്ത്രം ധരിച്ചെത്തുന്നവർക്കു പ്രവേശനം അനുവദിക്കില്ലെന്നു ഭരണാധികാരികൾ തീരുമാനിച്ചിട്ടുണ്ട്. വിദേശികൾ ഉൾപ്പെടെ ദർശനത്തിനെത്തുന്ന ഇവിടെ വസ്ത്രധാരണത്തെപ്പറ്റി പരാതിയുർന്ന സാഹചര്യത്തിലാണ് ഈ തീരുമാനം. ''ജീൻസ്, ബർമുഡ, മിഡി, മിനി സ്കേർട്ട്, ഹാഫ്ബ്ലൗസ്, ടീഷർട്ട്, ബനിയൻ, സാരി, പാന്റ്സ്, സൽവാർ കമ്മീസ്, ചുരിദാർ എന്നിവ സ്വീകാര്യമാണെങ്കിലും ഇവയൊന്നും ശരീരപ്രദർശനം നടത്തുന്ന മട്ടിലല്ലെന്നു ഉറപ്പു വരുത്തും''. ക്ഷേത്രാധിപർ പത്രക്കുറിപ്പിൽ വ്യക്തമാക്കി. 'വേർപെട്ടവരെ അന്വരിപ്പിക്കുന്ന അക്രൈസ്തവരുടെ ധാർമ്മിക കാഴ്ചപ്പാട്.

കഴിഞ്ഞവർഷം മുംബൈയിലെ കത്തോലിക്കാ സഭ ആർച്ച് ബിഷപ്പ് കർദിനാൾ ഐവാൻ ഡിസൂസ ദൈവാലയങ്ങളിൽ മാന്യമല്ലാത്ത വസ്ത്രധാരണത്തിനു വിലക്ക് ഏർപ്പെടുത്തിക്കൊണ്ടു ഔദ്യോഗിക വാർത്താ വാരികയായ 'ദി എക്സാമിനറിൽ' എഴുതിയിരുന്നത് ഇങ്ങനെയായിരുന്നു. ''ഇറക്കം കുറഞ്ഞതും ഇറുകിയതും തുറന്നതുമായ വസ്ത്രധാരണം ആരാധനയുടെയും മതചടങ്ങുകളുടെയും അന്തരീക്ഷത്തിനു തടസ്സം ഉണ്ടാക്കും''. സന്ദേശം മഹാനഗരത്തിലെ എല്ലാ ദൈവാലയങ്ങളിലും വായിച്ചു. മംഗലാപുരം ഡയോസിസിന്റെ കിഴിലുള്ള പള്ളികളിലും ആരാധനയിൽ ധരിക്കേണ്ട വസ്ത്രധാരണങ്ങളെപ്പറ്റി നിർദ്ദേശം നൽകിയിട്ടുണ്ട്. കൈയില്ലാത്ത വസ്ത്രങ്ങൾ, ധാർഷ്ട്യം വെളിപ്പെടുത്തുന്ന വാചകങ്ങൾ എഴുതിയ ടീഷർട്ടുകൾ, ഇറക്കം കുറഞ്ഞ വസ്ത്രങ്ങൾ എന്നിവ ധരിച്ചെത്തുമ്പോൾ മറ്റുള്ളവരുടെ ശ്രദ്ധ തെറ്റിക്കാൻ കാരണമാകുമെന്നതിനാൽ അവ നിരോധിച്ചിരിക്കുകയാണ്. ''ഭക്തർ ആരാധനയ്ക്കു വരുമ്പോൾ മാന്യമായി വസ്ത്രം ധരിക്കണമെന്നു ഞങ്ങൾ ആഗ്രഹിക്കുന്നു. ഈ സ്ഥലം ഒരു പാർട്ടി നടത്തുന്നതിനോ, പുതിയ ഫാഷൻ പ്രദർശിപ്പിക്കുന്നതിനോ ഉള്ളതല്ല ആരാധനയ്ക്കുള്ളതാണ്. യോഗ്യമല്ലാത്ത വസ്ത്രം ധരിച്ചെത്തി മറ്റുള്ളവരുടെ ശ്രദ്ധ പതറിപ്പിക്കരുതെന്നും ഞങ്ങൾ ആഗ്രഹിക്കുന്നു. ''ഒരു പ്രത്യേക ചടങ്ങിനു പോകുമ്പോൾ വസ്ത്രധാരണത്തിൽ അതീവശ്രദ്ധ ചെലുത്തുന്നവർ, എന്തുകൊണ്ടു ദൈവത്തിന്റെ ആലയത്തിൽ വരുമ്പോൾ അങ്ങനെ ഉണ്ടാകുന്നില്ല. ബേജായി ഇടവകയിലെ വികാരി ഫാദർ വിക്ടർ നിലപാട് വ്യക്തമാക്കുന്നു.

ദൈവത്തിന്റെ ആലയത്തിൽ അൽപവസ്ത്രധാരികളായി വരാതെ, കുറച്ചു ശരീരം മാത്രം പുറത്തുകാണിക്കാൻ ശ്രദ്ധിക്കണമെന്നു മംഗലാപുരം ബിഷപ്പ് അലോഷ്യസ് ഡിസൂസ ആവശ്യപ്പെട്ടു. ''കത്തോലിക്കർ വസ്ത്രധാരണത്തിൽ യോഗ്യമായതു കാണിക്കുക മാത്രമല്ല, ജീവിതശൈലിയിലും പെരുമാറ്റത്തിലും അതുണ്ടാകണമെന്നു ഞങ്ങൾ പ്രതീക്ഷിക്കുന്നു.

സീറോമലബാർ മേജർ ആർച്ച് ബിഷപ്പിന്റെ ആസ്ഥാന ദൈവാലയത്തിൽ നടപ്പിലാക്കാൻ പോകുന്ന വസ്ത്രധാരണാ നിയമത്തെപ്പറ്റിയുള്ള ഇടയലേഖനം ശക്തമായ താക്കീതും മുന്നറിയിപ്പുമാണെന്നും മനസ്സിലാക്കണം. ''സിനിമാ തീയേറ്ററിലേക്കോ ചന്തയിലേക്കോ മക്കളെ വിടുന്നതുപോലെ ആയിരിക്കരുത് ദൈവാലയത്തിലേക്കു അയയ്ക്കുന്നത്. വൃത്തിയായി വസ്ത്രം ധരിപ്പിച്ചു വിടാൻ മാതാപിതാക്കൾ ശ്രദ്ധിക്കണം. ഇറക്കം കുറഞ്ഞതും ഇറുകിയതും ശരീരഭാഗങ്ങൾ പ്രദർശിപ്പിക്കുന്നതുമായ വസ്ത്രധാരണം ഒഴിവാക്കുക. ആരാധനയിൽ പങ്കെടുക്കുമ്പോൾ നെറ്റോ ഷാളോ ശിരോവസ്ത്രമായി ഉപയോഗിക്കുക. സാരിധരിക്കുന്നവർ സാരിത്തലപ്പ് തലയിൽ ഇടുക. തലയോട്, പോത്തിന്റെ തല തുടങ്ങിയ ചിത്രങ്ങളോടു കൂടിയതും, ദ്വയാർത്ഥ സൂചനകളുള്ളതുമായ വാചകങ്ങൾ ആലേഖനം ചെയ്ത ടീഷർട്ടുകൾ ഒഴിവാക്കുക.

പ്രാർത്ഥനാ അന്തരീക്ഷത്തിനു തടസ്സം സൃഷ്ടിക്കുന്ന വസ്ത്രധാരണം ആരാധനയുടെ പവിത്രത നശിപ്പിക്കുമെന്നു കരുതി ഇടവകയിലെ 1800 കുടുംബങ്ങൾക്കും വികാരി സർക്കുലർ അയച്ചിരിക്കുകയാണ്.

ഹൈന്ദവ ക്ഷേത്രത്തിലും, ദുരുപദേശങ്ങൾ ധാരാളം ഉണ്ടെന്നാക്ഷേപിക്കുന്ന കത്തോലിക്കാ പള്ളികളിലും വസ്ത്രധാരണത്തിനു കർശനമായ നിയമങ്ങൾ നടപ്പിലാക്കിയിരിക്കുമ്പോൾ, ഒരു നിയമവും ബാധകമല്ലാത്ത ഒരു 'ശ്രേഷ്ഠജാതി'യായി പെന്തെക്കോസ്തു സമൂഹം തീർന്നിരിക്കുകയാണല്ലോ? കാല

*(ശേഷം പേജ് ..... 21 ൽ)*

# പിച്ചള സർപ്പത്തിന്റെ വിവിധ രൂപങ്ങൾ

## പെന്തെക്കോസ്തു മണ്ഡലത്തിൽ

**Oommen Ebenezer, Thumpamon**

"He (Hezekiah) broke into pieces the bronze snake Moses had made, for up to that time the Israelites had been burning incense to it. (It was called Nehushtan)"
*2 Kings 18:4*

Several Nehushtans in various shapes and forms are hiding among the Pentecostals living in the 21st Century

അടിമത്വത്തിലായിരുന്ന യിസ്രായേൽ ജനങ്ങൾ ഈജിപ്തിൽ നിന്ന് വാഗ്ദത്ത ഭൂമിയായ യെരുശലേമിലേക്ക് യാത്രയായി. വഴി മദ്ധ്യേ ദൈവത്തോട് പിറുപിറുത്തവർ, എതിർത്തവർ, മോശയോട് എതിർത്ത് സംസാരിച്ചവർ, അഗ്നിസർപ്പത്തിന്റെ കടിയേറ്റു മരിച്ചു. ജനം മോശയെ സമീപിച്ചു. മോശെ ദൈവത്തോട് അപേക്ഷിച്ചു. ഒരു അഗ്നി സർപ്പത്തെ ഉണ്ടാക്കി ജനം കാൺകെ ഉയരത്തിൽ തൂക്കിയിടുവാൻ ദൈവം മോശയോട് കൽപിച്ചു. അഗ്നി സർപ്പത്തിന്റെ കടിയേൽക്കുന്നവർ മോശെ മരുഭൂമിയിൽ ഉയർത്തിയിട്ടിരിക്കുന്ന താമ്രസർപ്പത്തെ നോക്കിയാൽ മരണത്തിൽ നിന്ന് രക്ഷപെടും. അങ്ങനെ അഗ്നിസർപ്പത്തിന്റെ കടിയേറ്റ ആയിരങ്ങൾ രക്ഷപ്പെട്ടതായി പഴയനിമയത്തിലെ സംഖ്യാപുസ്തകം 21-ാം അദ്ധ്യായത്തിൽ നാം വായിക്കുന്നു.

മോശെ മരുഭൂമിയിൽ ഉയർത്തിയ പിച്ചള സർപ്പത്തെ നശിപ്പിച്ചു കളയാതെ അതിനേയും കൊണ്ടാണ് യിസ്രായേൽ മക്കൾ തുടർന്നും യാത്രയായത്. പിൽക്കാലത്ത് യിസ്രായേൽ മക്കൾ ഈ താമ്രസർപ്പത്തിന്റെ രൂപത്തിന് എന്തോ അമാനുഷിക ശക്തിയുണ്ടെന്നു കരുതി അതിനെ ആരാധിക്കുവാൻ തുടങ്ങി. ഇവിടെ നാം വിസ്മരിക്കുന്ന അതീവ പ്രാധാന്യമായ ഒരു വിഷയത്തിലേക്കാണ് വിരൽ ചൂണ്ടുന്നത്. 21-ാം നൂറ്റാണ്ടിൽ ജീവിക്കുന്ന പെന്തെക്കോസ്തരുടെ ഇടയിലും ഇതുപോലെയുള്ള നെഹുഷ്ഠാന്മാർ വിവിധരൂപത്തിലും ഭാവത്തിലും പതിയിരിപ്പുണ്ട്. അറിഞ്ഞോ, അറിയാതെയോ നാം അങ്ങനെയുള്ളതിന് അമിതമായ വിലകൽപിച്ച് ഭാവുകങ്ങൾ നേർന്ന് പൂജാവസ്തുവായി കരുതുന്നു.

ചിലർ ചില വ്യക്തികൾക്ക് അമിതപ്രാധാന്യം കൊടുക്കുന്നു. ചിലർ പ്രസ്ഥാനങ്ങൾക്ക് വേണ്ടതിലധികം ഊന്നൽ കൊടുക്കുന്നു. അധികാര സ്ഥാനത്തിലിരിക്കുന്നവരെ ബഹുമാനിക്കുവാൻ നാം കടപ്പെട്ടവരാണല്ലോ. അർഹിക്കുന്നതിൽ അധികമായ ആദരവ് ആരാധനയുടെ ഭാവം നൽകുകയാണ്. ദൈവത്തിങ്കലേക്ക് ജനം അടുക്കുവാൻ ഉതകുന്ന രീതിയിലുള്ള വചനശുശ്രൂഷ ചെയ്യുവാനുള്ള ദൈവികമായ കഴിവ് ചിലർക്കുണ്ടാവാം. എന്നാൽ നന്നായി വചനശുശ്രൂഷ ചെയ്യുന്നവരെയും അങ്ങനെയുള്ളവരുടെ കഴിവിനെയും പിച്ചളസർപ്പമായി പ്രതിഷ്ഠിക്കുന്നത് വിശ്വാസികൾക്ക് യോജിച്ചതല്ല. ചിലർക്ക് തങ്ങളുടെ ആരോഗ്യവും, ചില സ്ത്രീകൾക്ക് അവരുടെ സൗന്ദര്യവും ജോലിയും ഒക്കെ നെഹുഷ്ഠാനായി തീരാറുണ്ട്. എഴുതുവാനും, പാടുവാനും, പ്രസംഗിക്കുവാനും, ഒക്കെ ദൈവം ചിലർക്ക് കഴിവുകൾ തന്നിട്ടുണ്ടെങ്കിൽ ദൈവം തന്റെ നാമമഹത്വത്തിനായി ഉപയോഗിക്കുന്ന ചില മാദ്ധ്യമങ്ങൾ മാത്രമാണത്. അതിന് ആരാധനയുടെ സ്ഥാനം നൽകിയാൽ അതു പാപമാണ്.

ചിലർക്ക് ചില പ്രസ്ഥാനങ്ങൾ ആരാധിക്കുന്ന പിച്ചളസർപ്പമായി മാറിയിരിക്കുന്നകയാണ്. മാസികകൾ, പ്രസിദ്ധീകരണങ്ങൾ, സംഘടനകൾ, ട്രസ്റ്റുകൾ, സെമിനാരികൾ തുടങ്ങിയവ വിശ്വാസികളെ ദൈവത്തിങ്കലേക്ക് അടിപ്പിക്കുന്ന മാദ്ധ്യമങ്ങൾ മാത്രമേ ആകാവൂ. അതിലുപരി, പിച്ചള സർപ്പമായാൽ അവ ഒരിക്കൽ തിരിഞ്ഞു കടിക്കും. സ്ഥലങ്ങൾക്ക് അമിത പ്രാധാന്യം നൽകുന്നവരുണ്ട്.

കുമ്പനാടിനോട് കുമ്പനാട്ടുകാർക്ക് പ്രിയം തോന്നാം. കോട്ടയത്തുകാർക്കും അതുണ്ടാവാം. മുളക്കുഴയ്ക്കും പുനലൂരിനും പ്രാധാന്യം ഒട്ടും കുറവല്ല. അമിത പ്രാധാന്യവും വീര്യവും കൽപിക്കുമ്പോഴാണ് പിച്ചളസർപ്പം ആരാധനയുടെ രൂപത്തിൽ തലപൊക്കുന്നത്. എത്രയെത്ര നെഹുഷ്ഠാന്മാർ പെന്തെക്കോസ്തരുടെ ഇടയിൽ ഒളിഞ്ഞും തെളിഞ്ഞും വിവിധ ഭാവത്തിലും രൂപത്തിലും തലപൊക്കുന്നു. അതിനെ പരിശുദ്ധാത്മാവ് നിറഞ്ഞ വിശ്വാസികൾ വിവേചിച്ചറിയേണം. വചനവിരുദ്ധമായ ഒന്നിനേയും നാം താലോലിക്കുവാൻ പാടില്ല. നമ്മുടെ വ്യക്തിപരമായ ജീവിതത്തിൽ, സഭാതലത്തിൽ, നമ്മൾ ഉൾപ്പെട്ടു നിൽക്കുന്ന പ്രസ്ഥാനങ്ങളിൽ ഏതെങ്കിലും ''പിച്ചള സർപ്പം'' പതിയിരിപ്പുണ്ടോ? ഉണ്ടെങ്കിൽ അതു നശിപ്പിക്കുവാനുള്ള ഉത്തരവാദിത്വം നിങ്ങൾക്കാണ്. ●



**(യേശു ദുഃഖിച്ചസമയത്തും ..... തുടർച്ച)**

പതിനായിരും ആളെക്കൂട്ടാൻ പ്രയാസമുണ്ടായിരുന്നോ?

4. എങ്കിലും ഒരുവനേക്കാൾ ഇരുവർ നല്ലത്

ഭാരമുള്ള വിഷയത്തിന്റെ മുമ്പിൽ ഒറ്റയ്ക്കു ഗത്ശേമനയിൽ പോകാതെ നിന്നെ മനസ്സിലാക്കുന്ന നിനക്കടുത്തറിയാവുന്ന ചിലരെ കൂടെ കൊണ്ടുപോകുന്നത് നല്ലതാണ്.

5. ഹൃദയം തുറന്നു സംസാരിക്കുക.

നിങ്ങളുടെ വിഷയം അതിഭാരമുള്ളതാണെങ്കിൽ നാം സുഹൃത്തിനോട് അത് മുഴുവൻ തുറന്നുപറയുക. ഭാരം അകത്തു തിങ്ങിയാൽ വേണ്ടതുപോലെ പ്രാർത്ഥിക്കാൻ കഴിയുകയില്ല.

6. കവിണ്ണുവീണു പ്രാർത്ഥിക്കുന്ന യേശു

നടന്നുകൊണ്ടും ഇരുന്നുകൊണ്ടും ജോലി ചെയ്യുന്നതിനിടയിലും, അല്ല ചിലപ്പോൾ കിടന്നുകൊണ്ടും പ്രാർത്ഥിക്കാം. പായ വിരിച്ച് മുട്ടുകുത്തി മാത്രമേ പ്രാർത്ഥിക്കാവൂ എന്നു ശഠിച്ചാൽ പലപ്പോഴും പ്രാർത്ഥന കുറഞ്ഞുപോവാൻ ഇടയുണ്ട്. എന്നാൽ കഴിയുമെങ്കിൽ മുട്ടുകുത്തി കൈകൾ ഉയർത്തി പ്രാർത്ഥിക്കുന്നതാണുത്തമം. എന്നാൽ ഇവിടെ ഇതാ നമ്മുടെ കർത്താവു കവിണ്ണുവീണാണ് പ്രാർത്ഥിക്കുന്നത്. കർത്താവിന്റെ മുമ്പിൽ വീഴുന്നവൻ മനുഷ്യന്റെ മുമ്പിൽ വീഴേണ്ടി വരികയില്ല.

7. രക്തം വിയർക്കുന്നു

യേശു ഗേത്ശേമനയിൽ പ്രാർത്ഥിച്ചപ്പോൾ അവൻ വിയർത്തു. അവന്റെ വിയർപ്പു രക്തതുള്ളികൾപോലെ ആയി എന്നു കാണുന്നു. ഇത്രമാത്രം ഭാരമുള്ള ഒരു ജോലി ഭൂമുഖത്തു വേറേയേതുണ്ട്. പ്രാർത്ഥന അത്ര നിസ്സാര വേല അല്ല.

8. എന്റെ ഇഷ്ടമല്ല.... പിതാവേ നിന്റെ ഇഷ്ടം.

ഇതാ കർത്താവു നമുക്കു ശരിയായ മാതൃക കാണിച്ചു തരുന്നു. എത്ര ആത്മീകമായി ഉയർന്നാലും സ്വന്ത ഇഷ്ടത്തെ ബലി കഴിക്കാൻ പ്രയാസം തന്നെ. ഭാവിയിൽ എന്തു സംഭവിക്കും എന്നോർക്കാതെ കർത്താവേ നിന്റെ ഇഷ്ടം മതി എന്നു പറയുവാൻ കർത്താവു നമുക്കു മാതൃക ആകുകയാണ്.

9. അവൻ പ്രാർത്ഥിച്ചത് ഒറ്റയ്ക്കായിരുന്നു

പതിനൊന്നു പേരെ തോട്ടത്തിലും മൂന്നു പേരെ തൊട്ടടുത്തും കൊണ്ടുപോയി എങ്കിലും അവൻ ഒറ്റയ്ക്കായിരുന്നു പ്രാർത്ഥിച്ചത്. എന്തുകൊണ്ടെന്നാൽ കൂടെയുണ്ടായിരുന്നവർക്കുപോലും കാര്യത്തിന്റെ ഗൗരവം മനസ്സിലായിരുന്നില്ല. നമുക്കെത്ര സ്നേഹിതന്മാരുണ്ടായിരുന്നാലും അവരൊക്കെ നമ്മെ മനസ്സിലാക്കുമെന്ന് ആശിച്ചാലും വലിയ വിഷയം വരുമ്പോൾ നാം ഒറ്റയ്ക്കായിരിക്കും എന്നൊരു പാഠം ഇതിലുണ്ട്. എങ്കിലും നാം ഒറ്റയ്ക്കല്ലല്ലോ...? സ്തോത്രം.

10. പരീക്ഷയിൽ അകപ്പെടാതിരിപ്പാൻ

രോഗം വന്നിട്ടു ചികിത്സിക്കുന്നതിനേക്കാൾ വരാതെ നോക്കുന്നതാണല്ലോ അഭികാമ്യം. പരീക്ഷ വരുന്നതിനു മുമ്പേ പ്രാർത്ഥനയ്ക്കായി യേശു ശിഷ്യരെ ഉണർത്തുന്നു. ഇപ്പോൾ യാതൊരു ടെൻഷനുമുള്ള സാദ്ധ്യതപോലുമില്ലാത്തതുകൊണ്ടാണ് പത്രോസും കൂട്ടരും നന്നായി ഉറങ്ങുന്നത്. എന്നാൽ യേശു മുന്നറിയിപ്പു നൽകുകയാണ്. ഇപ്പോൾ പ്രശ്നമില്ലെന്നു തോന്നിയാലും പ്രശ്നസാദ്ധ്യത തീർന്നിട്ടില്ല. അതുകൊണ്ട് പ്രാർത്ഥന മറക്കരുത്. നീ ഉറങ്ങുന്നതു കർത്താവു ക്ഷമിക്കും. പക്ഷേ സാത്താൻ മുതലെടുക്കും സൂക്ഷിക്കുക.

വെള്ളം ശാന്തമായി കിടന്നതുകൊണ്ട് അടിയിൽ മുതല ഇല്ലയെന്നു വരുന്നില്ല.

ശാന്തമായി കിടക്കുന്ന ഒരു ജലാശയത്തിന്റെ സമീപത്തൊരു ബോർഡ് വച്ചിരുന്നു. ''മുതലയുണ്ട് സൂക്ഷിക്കുക'' പക്ഷേ പല ചെറുപ്പക്കാരും അത് ഗൗരവമായി എടുത്തില്ല. കാരണം ജലം ശാന്തമാണല്ലോ. ഒടുവിൽ മനസ്സിലായി, പക്ഷേ വേദനിച്ചു. ''പരീക്ഷയിൽ അകപ്പെടാതിരിപ്പാൻ ഉണർന്നിരുന്ന് പ്രാർത്ഥിപ്പിൻ''.

●


## ഇത് നിങ്ങളുടെ മാസികയാണ്

നിങ്ങൾ ഒരു എഴുത്തുകാരനാകുവാനാഗ്രഹിക്കുന്നുവോ? നിങ്ങളുടെ പക്കൽ ഒരു സാഹിത്യ സൃഷ്ടിയുണ്ടോ? നിങ്ങളെ ഞങ്ങൾ പ്രോത്സാഹിപ്പിക്കുന്നു. നിങ്ങളുടെ പ്രസംഗങ്ങൾ നൂറോ നൂറ്റൻപതോ പേർ മാത്രം കേൾക്കുമ്പോൾ നിങ്ങളുടെ ലേഖനങ്ങൾ, കവിതകൾ, ചെറുകഥകൾ, ഭാവനകൾ എന്നിവ വെളിച്ചം കാണാതെ ശൈശവത്തിൽ തന്നെ കൊഴിഞ്ഞുപോകുമ്പോൾ പതിനായിരത്തിലധികം വായനക്കാരുള്ള സുവാർത്തയുടെ താളുകൾ ഞങ്ങൾ നിങ്ങൾക്കായി മാറ്റിവെക്കുന്നു. ഐ.പി.സി. മഹാരാഷ്ട്ര സ്റ്റേറ്റിലുള്ള പാസ്റ്റർമാർ വിശ്വാസികൾ യുവജനങ്ങൾ കുട്ടികൾ എല്ലാവർക്കും ഈ അവസരം ഉപയോഗിക്കാവുന്നതാണ്. നിങ്ങളുടെ സൃഷ്ടികളായ ലേഖനങ്ങൾ, ചെറുകഥകൾ, കവിതകൾ, ഭാവനകൾ, അനുഭവസാക്ഷ്യങ്ങൾ, നിങ്ങളുടെ സഭകളിൽ നടക്കുന്ന പ്രത്യേക യോഗങ്ങളുടെ റിപ്പോർട്ടുകൾ, ഫോട്ടോകൾ, അറിയിപ്പുകൾ, പ്രാർത്ഥന വിഷയങ്ങൾ, വിവാഹ പരസ്യങ്ങൾ എന്നിവ താഴെ കാണുന്ന വിലാസത്തിൽ അയച്ചു തരിക.

**Publisher**
**Suvartha Publications**
P.O. Box No. 17082, Tilaknagar, Chembur,
Mumbai - 400 089 • **E-mail:** suvartha@yahoo.com



## വേദപഠന പരമ്പര

പ്രശസ്ത വേദാദ്ധ്യാപകനായ ഡോക്ടർ പോൾസൺ പുലിക്കോട്ടിലിന്റെ വേദപഠന ക്ലാസ്സുകൾ പവ്വർവിഷൻ ചാനലിൽ നിങ്ങൾക്കു ലഭിക്കുന്നു.

**'വചനവും ലോകവും'**

എല്ലാ ചൊവ്വാഴ്ചയും ഉച്ചയ്ക്ക് 2 മണിക്ക്
എല്ലാ ബുധനാഴ്ചയും വൈകുന്നേരം 6.30 ന് കൂടുതൽ വിവരങ്ങൾക്ക് www.paulsonp.info എന്ന വെബ്സൈറ്റ് കാണുക.

Advt. 17



## Royal Enterprises

**COMMERCIAL PRINTERS**

29, Saibaba Nagar,Shell Colony Road,
Chembur, Mumbai - 400 071.

**Mob.:** 9619078852
**Tel.:** 2523 4229 / 2527 8761

Advt. 26

കവിത

*സി. സി. എബ്രഹാം*

ദുഷ്ടന്മാരിന് ആലോചന കേട്ടു തെല്ലും നടക്കാതെ
ഭ്രഷ്ടന്മാരാം പാപികളിൻ വഴി നിൽക്കാതെ

പരിഹാസം ചൊല്ലീടുന്ന മർത്യർ കൂടെ ഇരിക്കാതെ
യാഹിൻ വചനത്തിൽ എന്നും മോദിച്ചീടുന്നോൻ!

ദൈവത്തിൻ പ്രമാണങ്ങളെ രാപ്പകൽ ധ്യാനിച്ചീടുന്ന
ദൈവഭയം ഉള്ള മർത്യൻ അതിഭാഗ്യവാൻ !

ആറ്റിന്നരികത്തു നട്ട തൽസമയേ ഫലം നൽകും
ഇലയൊട്ടും വാടിടാത്ത വൃക്ഷങ്ങൾ പോലെ!

അവൻ ചെയ്യും കാര്യമെല്ലാം സഫലമായ് തീർന്നിടുമേ
ദൈവം അവന് കൂടെയുണ്ട് സഹായമായി!

ദുഷ്ടന്മാരോ നീങ്ങിപ്പോകും കാറ്റു-പാറ്റും പതിര് പോലെ
പിന്നീടാരും അവർ സ്ഥലം കാണുകയില്ല!

ദുഷ്ടന്മാരോ ന്യായാസനേ നിവിർന്നു നിൽക്കുമോ ? ഇല്ല
പാപികളോ നീതിമാന്റെ സഭയിൽ വരാ !

ദൈവം നീതിമാന്മാരുടെ വഴികളെ അറിയുന്നു
ദുഷ്ടന്മാരിൻ വഴികളോ നാശകരമേ !

ജീവന്റെ പുസ്തകമതിൽ പേരുള്ളോർ എല്ലാരും ധന്യർ!
അല്ലാത്തവർ വീണിടുമേ തീപ്പൊയ്കയിൽ

## സത്വചനങ്ങൾ

1. ദൈവം അയച്ചവനെ അനുസരിക്കാതിരിക്കരുത്, കാരണം ദൈവമാണവന്റെ മുതലാളി.
2. നിങ്ങൾക്ക് ഇഷ്ടപ്പെടുന്നത് ചെയ്യുന്നതിലല്ല, ചെയ്യുന്നതിൽ ഇഷ്ടപ്പെടുന്നതിലാണ് സന്തോഷം കുടികൊള്ളുന്നത്.
3. അനുഗ്രഹം എന്നത് സമ്പത്തല്ല, സമ്പാദ്യമല്ല, ദൈവീക സമാധാനമത്രേ.
4. പണക്കാരൻ ദൈവത്തെ കീശയിലും, പണ്ഡിതൻ ദൈവത്തെ തലച്ചോറിലും, പാവപ്പെട്ടവൻ ദൈവത്തെ ഹൃദയത്തിലും കൊണ്ടുനടക്കുന്നു.
5. മുഖസ്തുതി പറയുന്നവനെ വിശ്വസിക്കരുത്. ആദ്യം മധുരിക്കും പിന്നെ കയ്ക്കും. ശാസിക്കുന്നവന്റെ വാക്ക് ആദ്യം കയ്ക്കും, പിന്നെ മധുരിക്കും.
6. കർത്താവിന്റെ മുമ്പിൽ വീഴുന്നവൻ മനുഷ്യന്റെ മുമ്പിൽ വീഴേണ്ടി വരില്ല
7. നീ എന്ത് ചെയ്യാൻ ആഗ്രഹിക്കുന്നുവോ അത് മാത്രമേ വിതയ്ക്കാവൂ.
8. മനഃപൂർവ്വം തോറ്റു കൊടുക്കുന്നവനാണ് യഥാർത്ഥത്തിൽ ജയിക്കുന്നത്.
9. കനിവുള്ള ഹൃദയത്തിൽ നിന്നേ കണ്ണുനീർ ഉണ്ടാകൂ.

– സാക്ഷി


**പെനിയേൽ ബൈബിൾ സെമിനാരി**

*33 വർഷമായി മിഷണറിമാരെ പരിശീലിപ്പിക്കുന്ന ഒരു ഉത്തമ സ്ഥാപനം*

**PENIEL BIBLE SEMINARY**
**Keezhillam, Ernakulam - 683 541, Keralam**
**Tel.:** 0484-2653070 / 2654775 **Fax:** 0484-2653070
**E-mail :** pbskeezhillam@yahoo.com

*വടക്കേ ഇന്ത്യയിലെ സുവിശേഷ ഘോഷണത്തിനു പ്രത്യേകം ഊന്നൽ കൊടുക്കുന്നു.*

Advt. 16


## വിജയത്തിന് പ്രാർത്ഥന അനിവാര്യം

രണ്ടുവിശ്വാസികൾ ഒരു ഗ്രാമത്തിൽ താമസിച്ചിരുന്നു. ഒരുവൻ കർത്താവിനുവേണ്ടി വളരെ പ്രയോജനപ്പെട്ടുകൊണ്ടിരുന്നു. തന്റെ കുഞ്ഞുങ്ങൾ സഭയ്ക്കും സമൂഹത്തിനും ഒരനുഗ്രഹമായിരുന്നു. അപരനാകട്ടെ ആത്മീയ വിഷയത്തിൽ വലിയ നേട്ടങ്ങളൊന്നും കൈവരിക്കാനായില്ല എന്നു മാത്രമല്ല കുഞ്ഞുങ്ങളെ വചനാനുസൃതമായി നിലനിർത്താനും കഴിഞ്ഞില്ല.

രണ്ടുപേരുടെയും ഭാര്യമാർ സുഹൃത്തുക്കളായിരുന്നു. വീട്ടുജോലികൾക്കു ശേഷം രണ്ടുപേരും ഒരുമിച്ചിരുന്നു ജീവിതാനുഭവങ്ങൾ പങ്കുവെക്കുക പതിവായിരുന്നു. വർത്തമാനം പറയുമ്പോൾ സമയം നഷ്ടപ്പെടുത്തേണ്ട എന്നു കരുതി രണ്ടുപേരും അവരവരുടെ ഭർത്താവിന്റെ കീറിയ പാന്റ് തയ്ക്കുവാൻ തുടങ്ങി. ആത്മീയമായി പ്രയോജനപ്പെടുന്ന വ്യക്തിയുടെ പാന്റിന്റെ മുട്ടാണ് കീറിയതെങ്കിൽ അപരന്റെ പാന്റിന്റെ പിൻഭാഗമായിരുന്നു തയ്ക്കേണ്ടി വന്നത്.

അർത്ഥാൽ ഒരുവൻ മുട്ടിന്മേൽ നിന്നതുകൊണ്ട് പാന്റിന്റെ മുട്ടിന്റെ ഭാഗം കീറിപ്പോയെന്നും അങ്ങനെ അയാൾ കുടുംബത്തെ വചനാനുസൃതം നിലനിർത്തി എന്നും അപരൻ ഈ ലോകത്തിന്റെ അവസരങ്ങൾ നേടുവാൻ നിലത്തുകൂടി നിരങ്ങിയതുകൊണ്ട് പിൻഭാഗം കീറിപ്പോയെന്നും അതുകൊണ്ട് കുട്ടികളെ നേടാൻ തനിക്ക് കഴിഞ്ഞില്ലെന്നും മനസ്സിലാക്കാം.

മാതാപിതാക്കളായ നാം മക്കളെ നേടേണ്ടതിനു എത്ര മാത്രം മുട്ടിന്മേൽ നിൽക്കേണ്ടവരാണെന്നു ഈ സംഭവകഥ നമ്മെ ഓർമ്മിപ്പിക്കുന്നു. ●

# ദൈവവചനം പ്രായോഗിക ജീവിതത്തിൽ

*തിരുവചനത്തിലെ സകലചട്ടങ്ങളും തലമുറ തലമുറയായി പ്രമാണിക്കേണ്ടതാണ്. ഇതു രാപ്പകൽ ധ്യാനിക്കുന്നവർ ഭാഗ്യവാന്മാരാണ്. ഇത് മറഞ്ഞിരിക്കുന്ന തെറ്റുകളെ പോക്കി നീതിയിലേയ്ക്കു നയിക്കുന്നു. വചനം പ്രമാണിക്കുമ്പോൾ കർത്താവിന്റെ സ്നേഹിതരാകുവാനുള്ള ഭാഗ്യം ലഭിക്കുന്നു. ആകാശവും ഭൂമിയും മാറിപ്പോയാലും ദൈവവചനത്തിനു ഒരു മാറ്റവുമില്ല. ഇതു നല്ല നിലത്തു വിതയ്ക്കപ്പെടുമ്പോൾ നൂറുമേനി ഫലം നൽകപ്പെടുന്നു, പാപബോധമുള്ളവരാക്കുന്നു. ജീവിതത്തിന്റെ പ്രതിസന്ധികളിൽ ഭാരങ്ങളിൽ, പീഠനങ്ങളിൽ, നിന്ദിതരാകുമ്പോൾ ഒറ്റപ്പെടുമ്പോൾ നിരാശിതരാകുമ്പോൾ, കൈവിടപ്പെടുമ്പോൾ ഇങ്ങനെയുള്ള എല്ലാ സന്ദർഭങ്ങളിലും ഇതു ആശ്വാസവചനമായി തീരുന്നു.*

*സിസ്റ്റർ ദേരി ജോയി, ബാംഗ്ലൂർ*

**ബൈബിൾ** ലോകത്തിലുള്ള എല്ലാ പുസ്തകങ്ങളിലും വച്ച് പഴയ പുസ്തകമാണ്. ഇത് ആയിരത്തി അഞ്ഞൂറോളം വർഷം കൊണ്ട് നാൽപതോളം പേർ വിവിധ സ്ഥലങ്ങളിൽ വച്ച് ദൈവാത്മനിയോഗ പ്രകാരം എഴുതിയതാണ്. മാത്രമല്ല ഇത് പരിശുദ്ധാത്മാവിനാൽ നിയന്ത്രിക്കപ്പെട്ടതാണ്. അതുകൊണ്ടാണ് 'എല്ലാ തിരുവെഴുത്തും ദൈവശ്വാസിയമാകയാൽ ദൈവത്തിന്റെ മനുഷ്യൻ സകല സൽപ്രവൃത്തിക്കും വകപ്രാപിച്ച് തികഞ്ഞവൻ ആകേണ്ടതിന്, ഉപദേശത്തിനും ശാസനത്തിനും, ഗുണീകരണത്തിനും, നീതിയിലെ അഭ്യാസനത്തിനും, പ്രയോജനമുള്ളതാകുന്നു'. ഈ ദൈവവചനം എന്ന് വിശുദ്ധ പൗലോസ് അപ്പോസ്തലൻ തുറന്ന് എഴുതിയത്.

ദൈവം ചിലരെ വിളിച്ചതായും, തിരഞ്ഞെടുത്തതായും അവരോട് ഇടപെട്ടിരുന്നതായും നമുക്ക് മനസ്സിലാക്കി തരുന്നു. സർവ്വശക്തനും സർവ്വവ്യാപിയുമായ ദൈവത്തെക്കുറിച്ചും, അവിടുത്തെ സ്വഭാവത്തെക്കുറിച്ചും ദയാകടാക്ഷത്തെപ്പറ്റിയും ദൈവവും മനുഷ്യരും തമ്മിലുള്ള അഭേദ്യമായ ബന്ധത്തെക്കുറിച്ചും വ്യക്തമാക്കിത്തരുന്നു. ഈ പുസ്തകം യോഹന്നാൻ 3:16-ൽ ഇപ്രകാരം ദൈവത്തിന് മാനവരാശിയോടുള്ള മഹാസ്നേഹം, തന്റെ ഓമന മകനും, ത്രിത്വത്തിൽ രണ്ടാമനുമായ യേശുക്രിസ്തുവിൽ കൂടി ലോകത്തിന് വെളിപ്പെടുത്തി കൊടുത്തതും ഈ പുസ്തകത്തിൽ പ്രതിപാദിക്കുന്നു. യേശുക്രിസ്തുവിന്റെ മനുഷ്യത്വത്തെയും, ദൈവികതയെയും, മാനവരാശിക്ക് ലഭിച്ച രക്ഷയെയും സ്വർഗ്ഗീയ മഹിമകളെയും കുറിച്ച് മികവായും വ്യക്തമായും വെളിപ്പെടുത്തിയിരിക്കുന്നു. പാപത്തിന്റെ കാഠിന്യത്തെക്കുറിച്ചും പാപം ചെയ്യുന്നവന് ആത്മീയ മരണം സംഭവിക്കുന്നതായും വെളിപ്പെടുത്തുന്നു. യഹോവയുടെ വചനം ഊതിക്കഴിച്ച് ശുദ്ധിയുള്ളതാണെന്ന് യാക്കോബ് 1:21 ലും റോമാലേഖനം 18:20 ലും വ്യക്തമാക്കുന്നു.

ജീവിച്ചിരിക്കുന്ന നാളെല്ലാം തലമുറ തലമുറയായി ദീർഘായുസ്സ് ഉണ്ടാകേണ്ടതിന് സർവ്വശക്തനായ ദൈവം മനുഷ്യർക്ക് നൽകിയ ചട്ടങ്ങളും പ്രമാണങ്ങളും വിധികളുമാണ് ഇതിൽ പ്രധാനമായും ഉൾക്കൊള്ളിച്ചിരിക്കുന്നത്. ആവർത്തനം 6:3 ൽ പറയുന്നത് 'ആകയാൽ ഇസ്രായേലേ നിനക്ക് നന്മയുണ്ടാകുവാനും, നിന്റെ പിതാക്കന്മാരുടെ ദൈവമായ യഹോവ നിന്നോട് അരുളി ചെയ്തതുപോലെ പാലും തേനും ഒഴുകുന്ന ദേശത്ത് നിങ്ങൾ ഏറ്റവും വർദ്ധിക്കേണ്ടതിനും നീ കേട്ട് ജാഗ്രതയോടെ അനുസരിച്ച് നടക്ക.' നാം പുതിയ നിയമ ഇസ്രായേൽ തന്നെയല്ലേ? ഈ ദൈവത്തിന്റെ മക്കളാകുന്ന നമ്മൾ ദൈവത്തിന്റെ വിശുദ്ധജനം മാത്രമല്ല, ഭൂതലത്തിലുള്ള സകല ജാതികളിലും വെച്ച് സ്വന്ത ജനമായി തിരഞ്ഞെടുക്കപ്പെട്ടവരാണ്. അതുകൊണ്ട് തന്നെ ഇവ പ്രമാണിപ്പാൻ നാം ബാദ്ധ്യസ്ഥരുമാണ്.

119-ാം സങ്കീർത്തനത്തിലുടനീളം ഈ തിരുവചനത്തിന്റെ ഭാഗ്യവർണ്ണനയാണ്. ഇത് രാപകൽ ധ്യാനിക്കുന്നവർ ഭാഗ്യവാന്മാരാണെന്ന് ഇത് ഓർപ്പിക്കുന്നു. ദൈവചനം തികവുള്ളതാണ്. ഇത് ഹൃദയത്തിലുള്ളവന് സംതൃപ്തിയുണ്ട്. കണ്ണാടിയിൽ മുഖം നോക്കുന്നതുപോലെ വായിക്കുന്നവരുടെ യഥാർത്ഥ അവസ്ഥ വർക്ക് മനസ്സിലാകുന്നു. പ്രവർത്തികളെ വിവേചിക്കുന്നു. വിവേകികളും ജ്ഞാനികളുമാക്കി മാറ്റുന്നു. മാനസാന്തരത്തിന്റെ ഫലം കായ്ക്കുവാൻ ഉതകുന്ന ഈ ദൈവവചനം, വായന, കേൾവി, എന്നിവയിൽ കൂടി ഹൃദയത്തിൽ സംഗ്രഹിക്കാം. ഇത് ഹൃദയത്തിലുള്ളവർക്ക് വിശുദ്ധ ജീവിതം സാധ്യമാകുന്നു. പ്രതിസന്ധികളിൽ ആലോചനയും, ശക്തിയും മാത്രമല്ല, സാഹചര്യത്തെ, അതിജീവിക്കേണ്ടതിനാവശ്യമായ യുക്തിയും ബുദ്ധിയും നൽകുന്നു. മറഞ്ഞിരിക്കുന്ന തെറ്റുകളെ പോക്കി നീതിയിലേക്ക് നയിക്കുന്നു. ദൈവം ഇല്ല എന്ന് മൂഢൻ തന്റെ ഹൃദയത്തിൽ പറയുമ്പോൾ, ജീവനുള്ള ദൈവത്തിലേക്കും നിത്യതയിലേക്കും ഇത് നയിക്കുന്നു.

വചനം ജഡമായി തീർന്നു. കൃപയും സത്യവുമുള്ളതായിത്തീർന്നു. എളിയവർക്കുള്ള സദ്വാർത്തയാണ് ഈ സത്യവചനം. ഇത് ഘോഷിക്കുന്നവരുടെ കാൽ എത്ര മനോഹരം എന്ന് റോമാലേഖനം 10:15ൽ പറയുന്നു. ഇത് ഘോഷിക്കപ്പെടുമ്പോൾ ആന്തരിക മനുഷ്യൻ പണിയപ്പെടുവാൻ ജീവിതങ്ങളെ പ്രാപ്തരാക്കുന്നു.

ഇത് നിത്യതയിലേക്ക് മാനവരാശിയെ നടത്തുന്നു. അതേ ഏകസത്യ ദൈ

വത്തിലേക്കും, അവിടുത്തെ പുത്രനും, വഴിയും സത്യവും ജീവനുമായ യേശു ക്രിസ്തുവിലേക്കും നയിക്കുന്നു. ഏക കർത്താവിനെ സത്യത്തിലും ആത്മാവിലും ആരാധിക്കണമെന്ന് പഠിപ്പിക്കുന്നു. യോഹന്നാൻ 15:14-ൽ പറയുന്നതുപോലെ ഈ വചനം അനുസരിക്കുമ്പോൾ കർത്താവിന്റെ സ്നേഹിതരായി തീരുവാനുള്ള മഹാഭാഗ്യം ലഭിക്കുന്നു.

ആകാശവും ഭൂമിയും മാറിപ്പോയാലും ഈ വചനത്തിന് മാറ്റമില്ല. മത്താ. 24:25-ൽ പറയുമ്പോലെ ഇത് നല്ല നിലത്ത് വീഴുമ്പോൾ 100 മേനി വിളവ് തരുന്നു. പഴയ കാഠിന്യഹൃദയം മാറി പുതിയ മനുഷ്യനായി മാറുന്നു.

ഇത് തേനിലും തേങ്കട്ടയിലും മധുരമുള്ളതാണ്. ജീവിതത്തിന്റെ പ്രതിസന്ധികളിൽ, ഭാരങ്ങളിൽ, പീഠനങ്ങളിൽ പരീക്ഷിക്കപ്പെടുമ്പോൾ, നിന്ദിതരാകുമ്പോൾ, ഒറ്റപ്പെടുമ്പോൾ, നിരാശയിലാകുമ്പോൾ, കൈവിടപ്പെടുമ്പോൾ ഇങ്ങനെയുള്ള എല്ലാ സന്ദർഭങ്ങളിലും ഈ വചനം മാധുര്യമുള്ളതാണ്. പ്രിയമുള്ളവരെ, ഇങ്ങനെയുള്ള സന്ദർഭങ്ങളിൽ കൂടി കടന്നുപോകുമ്പോൾ ഈ വചനത്തിൽ ഒന്ന് കണ്ണോടിക്കുവാൻ കഴിയുമോ? തന്റെ സഭയാം മണവാട്ടിക്ക് ദൈവം നൽകിയ പ്രേമലേഖനമാണ് ഇത്.

തന്റെ പ്രിയന്റെ വരവിന്റെ പ്രത്യാശയിൽ നാളുകൾപോക്കുന്ന ദൈവ പൈതലിന്റെ സമാധാനമാണ് ഈ തിരുവചനം. ഇത് ജീവിതത്തിന്റെ ആത്മ സംതൃപ്തി യാണ്.

ഇത് സാവധാനം വായിച്ചു ഗ്രഹിക്കുവാൻ തുടങ്ങുമ്പോഴാണ് മധുരമായി തേങ്കട്ടയായി, രുചികരമായി തീരുന്നത്. മാധുര്യവചനം ഹൃദയത്തിലിടപെടാൻ തുടങ്ങും. അത് ആശ്വാസമേകുന്നു, മാറിപോകാത്ത വാഗ്ദാനങ്ങൾ നൽകുന്നു. ഗുണീകരിക്കുന്നു, ശുദ്ധീകരിക്കുന്നു, നീതിമാർഗ്ഗം കാട്ടി തരുന്നു. മുറിവുകൾ കെട്ടുന്നു. വെളിച്ചമാകുന്ന ദൈവത്തിൽ വസിക്കുവാനിടയാക്കുന്നു. ദൈവഭക്തിയും വാത്സല്യവും തന്ന് ദൈവഭയത്തിൽ നാളുകൾ കഴിപ്പിക്കുന്നു. പ്രത്യാശയും ദൈവസ്നേഹത്തിന്റെ പൂർണ്ണതയും നൽകുന്നു. താഴ്മയുള്ളവരും വിശുദ്ധരും ക്ഷമിക്കുന്നവരും സ്നേഹിക്കുന്നവരുമാക്കി മാറ്റുന്നു.

പാപബോധമുള്ളവരാക്കുന്നു. ആത്മാവിൽ പ്രവർത്തികളെ മനസ്സിലാക്കിതരുന്നു. പരിശുദ്ധാത്മാവിൽ സന്തോഷവും ജീവനും ചൈതന്യവുമുള്ളവരാക്കുന്നു. സന്ധിമഞ്ജകളെ വരെ കടന്ന് ചെന്ന് ഹൃദയത്തിലെ ചിന്തകളെയും ഭാവങ്ങളെയും വിവേചിച്ച് ദൈവസന്നിധിയിൽ ഉള്ള അവസ്ഥകളോടെ അടുത്തു ചെല്ലുവാൻ സഹായിക്കുന്നു. അനിന്ദ്യരായി കാക്കപ്പെടുന്നു. ലംഘനം ക്ഷമിച്ചും പാപം മറച്ചും കിട്ടിയവർ ഭാഗ്യമുള്ളവരെന്ന് അനുഭവിച്ചറിയാൻ പ്രാപ്തരാക്കുന്നു. ദാവീദ് സങ്കീർത്തനത്തിൽ പറയും പോലെ, ഈ വചനം നമ്മുടെ പ്രമോദമായി തീരുവാൻ ഇടയാകട്ടെ.

■

## (അയോഗ്യമായി വസ്ത്രം ..... തുടർച്ച)

ത്തിനനുസരിച്ചു കോലം മാറാത്ത ഒരു വിഭാഗമാണ് ഇസ്ലാം മതക്കാർ. ആ വിഭാഗത്തിലെ സ്ത്രീകളുടെ വേഷം ഏതു കാലത്തും ഏതുദേശത്തും അൽപം കൂടുതൽ മാന്യമായ രീതിയിലാണെന്നു പോലും തോന്നിപ്പോകും. മതത്തിന്റെ ചട്ടങ്ങൾ കാത്തുസൂക്ഷിക്കാൻ അവർ ശ്രദ്ധാലുക്കളാണ്. അടുത്തയിടെ പുറത്തിറക്കിയ ഒരു വിശേഷാൽ പതിപ്പിൽ കണ്ട ഒരു വേർപെട്ട കുടുംബചരിത്രം ജുഗുപ്സ ഉളവാക്കത്തക്കതായിരുന്നു. വസ്ത്രം കൊണ്ടു അമ്മയെയും പെൺമക്കളേയും തിരിച്ചറിയാൻ പറ്റാത്തവിധം ലോകപരമായിരുന്നു; കുടുംബമായി ഫാഷൻ പരേഡിനെത്തിയപോലെ.

വിശ്വാസവും വസ്ത്രവും തമ്മിലെന്തുബന്ധം?

തികച്ചും ന്യായമായ ചോദ്യം തന്നെ. പക്ഷേ വിശ്വാസിയുടെ വിശ്വാസത്തിനാധാരമായി ചില അടിസ്ഥാന തത്ത്വങ്ങൾ പാലിക്കാൻ ദൈവവചനത്തിലൂടെ ആവശ്യപ്പെട്ടിട്ടുണ്ടെന്നുള്ളതു വിസ്മരിച്ചു കൂടാ. വിശ്വാസത്തിനു തത്തുല്യമായ ജീവിതവും ഉണ്ടാകേണ്ടതാണെന്നു വേദപുസ്തകം വ്യക്തമാക്കുന്നു. യേശു പറഞ്ഞു; ''നിങ്ങൾ ലോകത്തിന്റെ വെളിച്ചമാകുന്നു''. പൗലോസ് രേഖപ്പെടുത്തിയിരിക്കുന്നത്, ''നിങ്ങൾ ലോകത്തിൽ ജ്യോതിസ്സുകളെപ്പോലെ പ്രകാശിക്കുന്നു.'' വെളിച്ചത്തിന്റെ ആവശ്യം ഇരുട്ടിലാണ്. പാപാന്ധകാരം കൊണ്ടുമൂടിയിരിക്കുന്ന സമൂഹത്തിൽ പ്രകാശം കൊടുത്ത്, വഴികാട്ടേണ്ടതു ദൈവമക്കളാണ്. പക്ഷേ വെളിച്ചത്തിനു ചേരാത്ത പ്രവൃത്തികളും ജീവിതശൈലികളും ഇവിടുത്തെ ഇരുട്ടിനു കൂടുതൽ കനം കൂട്ടുകയാണെന്നു മറക്കരുത്.

വേദപുസ്തക വീക്ഷണം

യഹോവയായ ദൈവം, ദൈവജനത്തിനു വ്യക്തമായി കൊടുത്തിരിക്കുന്ന ഒരു താക്കീത് ഇതായിരുന്നു. 'ഞാൻ നിങ്ങളുടെ ദൈവമായ യഹോവയാകുന്നു. നിങ്ങൾ പാർത്തിരുന്ന മിസ്രയീമിലെ നടപ്പുപോലെ നിങ്ങൾ നടക്കരുത്. ഞാൻ നിങ്ങളെ കൊണ്ടുപോകുന്ന കനാൻദേശത്തിലെ നടപ്പുപോലെയും അരുത്. അവരുടെ മര്യാദ ആചരിക്കരുത്' (ലേവ്യ. 18:3). വീണ്ടും ദൈവരാജ്യം ഇക്കാര്യം ഊന്നിപ്പറയുന്നു. ''ഞാൻ നിങ്ങളുടെ മുൻപിൽനിന്നു നീക്കിക്കളയുന്ന ജാതിയുടെ ചട്ടങ്ങളെ അനുസരിച്ചു നടക്കരുത്.... നിങ്ങൾ എനിക്കു വിശുദ്ധരായിരിക്കണം. യഹോവയായ ഞാൻ വിശുദ്ധനാകകൊണ്ട് നിങ്ങളും എനിക്കു വിശുദ്ധരായിരിക്കണം. നിങ്ങൾ എനിക്കുള്ളവരായിരിക്കേണ്ടതിനു ഞാൻ നിങ്ങളെ ജാതികളിൽ നിന്നു വേർതിരിച്ചിരിക്കുന്നു.'' (ലേവ്യ. 20:23,26).

ഏതു സംസ്ക്കാരത്തിലും ഒരു ഭക്തൻ അനുവർത്തിക്കേണ്ട ജീവിത ശൈലിയെപ്പറ്റി ദൈവവചനം വ്യക്തമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നുണ്ട്. ഈ ലോകത്തിനും - പിശാചിനാൽ നിയന്ത്രിക്കപ്പെടുന്നതും ദൈവിക പദ്ധതിക്കെതിരായുള്ള വ്യവസ്ഥിതിക്ക് അനുരൂപരാകാതെ ജീവിക്കാൻ വചനം ആഹ്വാനം ചെയ്യുമ്പോൾ, അത്തരത്തിലുള്ള ഒരു ജീവിതശൈലി ഇപ്പോഴത്തെ സംസ്കാരത്തിനെതിരെയുള്ള മറ്റൊരു സംസ്കാരമായി മാറുകയാണ്.

നാം ജീവിക്കുന്ന സംസ്കാരം നാം ഉൾക്കൊള്ളണമെന്നു ചിലർ ചിന്തിക്കുന്നുണ്ട്. പക്ഷേ, അപ്പോൾ മനുഷ്യരോടുള്ള എക്കാലത്തെയും സന്ദേശമായ ദൈവവചനത്തിനു എന്തു പ്രസക്തയാണുള്ളത് ഇക്കാര്യത്തിൽ? മറ്റൊന്ന്, ഈ സംസ്ക്കാരം എത്രമാത്രം നമുക്കു ഉൾക്കൊള്ളാം? അതിർത്തിരേഖ എവിടെ വരയ്ക്കും ?

*കടപ്പാട് : ഗുഡ്ന്യൂസ്*

■

## പെന്തെക്കോസ്തൽ കൗൺസിൽ ഓഫ് ഇന്ത്യ (പി.സി.ഐ.)

**അംബർനാഥ് :** സാമൂഹിക പ്രതിബദ്ധത ഏറ്റെടുത്തുകൊണ്ട് പെന്തെക്കോസ്ത് സമൂഹത്തിന്റെ സമഗ്രമായ വികസനത്തിനും രാഷ്ട്രീയവും സാമൂഹ്യവുമായി നേരിടുന്ന പ്രതിസന്ധികൾക്ക് പരിഹാരം കാണുവാനുമായി പ്രവർത്തിക്കുന്ന പെന്തെക്കോസ്ത് കൗൺസിൽ ഓഫ് ഇന്ത്യയുടെ കല്യാൺ റീജിയൻ വിപുലീകരിച്ച് പ്രവർത്തിച്ചുവരുന്നു.

അംബർനാഥ് ഹെബ്രോൻ ഹാളിൽ ആഗസ്റ്റ് 20-ാം തീയതി കൂടിയ മീറ്റിംഗിൽ ഈ വർഷത്തെ പ്രവർത്തനങ്ങളുടെ രൂപരേഖ തയ്യാറാക്കി. ജീവകാരുണ്യം, വിദ്യാഭ്യാസ സഹായങ്ങൾ, പെന്തെക്കോസ്ത് സമൂഹത്തെ ഉൽബുദ്ധരാക്കുവാൻ ഉതകുന്ന ശിൽപശാലകൾ, സെമിനാറുകൾ എന്നിവ സംഘടിപ്പിക്കുവാൻ തീരുമാനിച്ചു.

പ്രസിഡണ്ട് പാസ്റ്റർ ജോസ് പി. ആന്റണിയുടെ അദ്ധ്യക്ഷതയിൽ കൂടിയ മീറ്റിംഗിൽ പാസ്റ്റർ ഡി.ഐ. യോഹന്നാൻ (സൂപ്രണ്ട് എ.ജി.) പ്രവർത്തനം ഉദ്ഘാടനം ചെയ്തു. റവ. തോമസ് ചെറിയാൻ (ഡയറക്ടർ - എൻ. എച്ച്. സി. ടി.) ദൈവ

Pr. Thomas Cherian
(Director NHCI)
Main Message

Bro. Idiculla Daniel
(Vice President)
Welcome speech

**വചനത്തിൽ കൂടെ പി.സി.ഐ.യുടെ പ്രവർത്തനത്തിന്റെ ആവശ്യകതയെക്കുറിച്ച് കടന്നു വന്നവരെ ഉത്ബോധിപ്പിക്കുകയുണ്ടായി. തുടർന്ന് 10-ാം ക്ലാസ്സിലും 12-ാം ക്ലാസ്സിലും ഏറ്റവും കൂടുതൽ മാർക്ക് വാങ്ങിയ കുട്ടികൾക്ക് ക്യാഷ് അവാർഡ് നൽകി.**

**വൈസ് പ്രസിഡണ്ട് ബ്രദർ ഇടിക്കുള ദാനിയേൽ പെന്തെക്കോസ്ത് സമൂഹത്തിന്റെ ഐക്യതയുടെ ആവശ്യകതയും പി.സി.ഐ. യുടെ വിവിധ നിലകളിലുള്ള പ്രവർത്തനങ്ങളുടെ രീതിയും ഉദ്ദേശങ്ങളും വിവരിച്ചുകൊണ്ട് എല്ലാവർക്കും സ്വാഗതം പറഞ്ഞു. സെക്രട്ടറി പാസ്റ്റർ ലൈജു ജോൺ നന്ദി രേഖപ്പെടുത്തി.**

***റിപ്പോർട്ട് : ബ്രദർ ഇടിക്കുള ദാനിയേൽ***


## IPC MAHARASHTRA STATE CONVENTION

**Date :** 15 to 18, Nov. 2012 **Place :** Kalewadi - Pune.

***Guest Speakers :***

***Pastor K. C. John***
***(Nedumbram)***

***Pastor Babu Cheriyan***
***(Piravam)***

**Please plan to attend these meetings**


## ആവശ്യമുണ്ട്

ഐ.പി.സി. മഹാരാഷ്ട്ര സ്റ്റേറ്റിൽ സുവിശേഷ പ്രവർത്തനങ്ങൾ വ്യാപിപ്പിക്കുന്നതിന്റെ ഭാഗമായി ദൈവവിളിയും സമർപ്പണവുമുള്ള സുവിശേഷകരെ ഞങ്ങൾ ഈ ദേശത്തേക്ക് സ്വാഗതം ചെയ്യുന്നു. ഹിന്ദിയിൽ ശുശ്രൂഷകൾ ചെയ്യുവാൻ കഴിവുള്ളവർക്ക് മുൻഗണന. താൽപര്യമുള്ളവർ ബന്ധപ്പെടുക.

**Pastor P. Joy**
(President, IPC Maharashtra State)
P.O. Box No. 17082, Tilaknagar,
Chembur, Mumbai - 400 089

## നിങ്ങളുടെ പാസ്റ്ററോട് ചോദിച്ചു വാങ്ങുക

ഐപിസി മഹാരാഷ്ട്ര സ്റ്റേറ്റിലുള്ള എല്ലാ വിശ്വാസികളുടെയും ഭവനത്തിൽ സുവാർത്ത എത്തിക്കുവാൻ ഞങ്ങൾ പരിശ്രമിച്ചുകൊണ്ടിരിക്കുന്നു. നിങ്ങൾക്കു ഇതുവരെ സുവാർത്ത ലഭിക്കുന്നില്ലെങ്കിൽ ഞങ്ങൾക്കെഴുതുകയോ നിങ്ങളുടെ പാസ്റ്ററുമായി ബന്ധപ്പെടുകയോ ചെയ്യുക.

**SUVARTHA PUBLICATIONS**
P.O. Box No. 17082, Tilaknagar,
Chembur, Mumbai - 400 089
**E-mail:** suvartha@yahoo.com
**Website :** www.suvarthamagazine.org


***Be in Mumbai or Navi Mumbai.... No Problem !!***
***Just make a call Our Rep. will be at your doorstep***

# LI-SO GRAPHICS
**SAKINAKA & PANVEL**

SERVICE AT THE ACCURATE TIME IS IMPORTANT

**32 YEARS OF EXPERIENCE IN:**
**LOGO & MONOGRAM DESIGNING**
**WITH MULTI COLOUR PRINTING**

**A-2&3, Mahanand Yadav Bhuvan, Near Sai Studio, Parerawadi, Pipe Line, Sakinaka, Mumbai-400 072.**
**B-104, National Palace, Takka Panvel, Navi Mumbai - 410 206.**
**Tel.: 2852 0144 / 2859 0452 Mob.: 9821236319 / 9619051603**
**E-mail : lisojames@yahoo.co.in / lisojames@india.com**
***Proprietor : James Varghese***

Advt. 22

# അമ്മമാരെ, ഇതിലെ ഇതിലെ

**നാളത്തെ ലോകം സൃഷ്ടിക്കുന്നത് അമ്മമാരാണ്. കാരണം അവരുടെ കൈയിലാണ് ഇന്നത്തെ കുഞ്ഞുങ്ങൾ. ഭാവിയുടെ മുതൽക്കൂട്ടായ ഒരു പൗരനെ എങ്ങനെ വാർത്തെടുക്കാമെന്ന് വ്യക്തമാക്കുകയാണ് ബജാജ് ക്യാപ്പിറ്റൽ ലിമിറ്റഡിന്റെ ചെയർമാനായ കെ. കെ. ബജാജ്.**

**ഒരിക്കൽ** അരിസ്റ്റോട്ടിലിനോട് ഒരു അമ്മ ചോദിച്ചു; എന്റെ അഞ്ചു വയസ്സുള്ള കുഞ്ഞിനെ എന്നു മുതൽ നല്ല ശീലങ്ങൾ പഠിപ്പിച്ചു തുടങ്ങണം? അരിസ്റ്റോട്ടിൽ പറഞ്ഞു; ''വേഗം ഓടിപ്പോകൂ വീട്ടിലേക്ക്. കുട്ടിക്ക് പരിശീലനം നൽകാൻ ഇപ്പോൾ തന്നെ അഞ്ചു വർഷം വൈകി.'' അമ്മമാർക്ക് ശിശു വിദഗ്ദർ നൽകുന്ന ചില മാർഗ്ഗനിർദ്ദേശങ്ങൾ താഴെ ചേർക്കുന്നു.

**• നിങ്ങളുടെ മൂല്യങ്ങൾ നിശ്ചയിക്കുക :**

**കഠിനാധ്വാനം, ദൈവവിശ്വാസം, സത്യസന്ധത... തുടങ്ങിയവയിൽ ഏതേത് മൂല്യങ്ങളാണ് കുഞ്ഞിൽ രൂഢമൂലമാകണമെന്ന് നിങ്ങൾ വിശ്വസിക്കുന്നത്. അവർക്ക് മുന്നിൽ ആ മൂല്യങ്ങളുടെ ജീവിക്കുന്ന ഉദാഹരണങ്ങളാവുക.**

**• പഠിപ്പിക്കേണ്ട കാര്യങ്ങൾ പറഞ്ഞ് പഠിപ്പിക്കുക:**

**കളഞ്ഞു കിട്ടുന്ന സാധനങ്ങൾ അതിന്റെ ഉടമസ്ഥന് നൽകേണ്ടതാണെന്ന വിധത്തിലുള്ള കാര്യങ്ങൾ ഉദാരഹണങ്ങൾ സഹിതമോ കൽപ്പിത കഥയിലൂടെയോ കുട്ടിക്ക് പകർന്നേകുക.**

**• കുഞ്ഞ് കാണുന്നതെന്തെന്ന് നിങ്ങൾ**

**ശ്രദ്ധിക്കുക :**

എന്നും ടെലിവിഷനിൽ അക്രമവും മറ്റും നിറഞ്ഞ പരിപാടികളാണോ കുഞ്ഞ് കാണുന്നത്. നാളെ അവൻ അതേപോലെ അക്രമാസക്തനായി മാറും.

• അനന്തരഫലത്തെ കുറിച്ച് പറയുക : കുട്ടികൾ അച്ചടക്കമില്ലായ്മ കാണിക്കുമ്പോൾ അത്തരം പ്രവൃത്തികളുടെ അനന്തരഫലം എന്തായിരിക്കുമെന്ന് കുട്ടികളെ പറഞ്ഞ് മനസിലാക്കുക. ഒപ്പം ചെറിയ ശിക്ഷകളും നടപ്പിലാക്കുക.

• മറ്റുള്ളവരുടെ കണ്ണിലൂടെ കാര്യങ്ങൾ കാണാൻ പഠിപ്പിക്കുക: കുട്ടി മറ്റൊരു കുട്ടിയെ ദേഹോപദ്രവം ഏൽപ്പിച്ചുവെങ്കിൽ അത്തരം ദ്രോഹം കുട്ടിക്ക് നേരെയായിരുന്നുവെങ്കിൽ എത്രമാത്രം വേദനിച്ചേനെയെന്ന് ചോദിച്ച് കുഞ്ഞിന്റെ ഉള്ളിൽ ആ വിചാരം ജ്വലിപ്പിക്കുക.

കുഞ്ഞിനെ നശിപ്പിക്കുന്നത് എങ്ങനെയെല്ലാം?

അറിയാതെയാണെങ്കിലും നമ്മിൽ പലരും കുട്ടികളെ ചീത്തയാക്കുന്നുണ്ട്. എങ്ങനെയെന്നല്ലേ?

• ശൈശവകാലം തുടങ്ങി കുഞ്ഞ് ആഗ്രഹിക്കുന്നതെന്തും ആ നിമിഷം നാം നൽകും. വളർന്നു വരുന്തോറും കുട്ടി കരുതും ഈ ലോകം തന്നെ തന്റെ ഇച്ഛാപൂരണത്തിനുള്ളതാണെന്ന്.

• ചീത്തവാക്കുകൾ പറയുമ്പോൾ നാം കുട്ടിയെ നോക്കി ചിരിക്കും. അതൊരു മഹാകാര്യം പോലെ മറ്റുള്ളവരുടെ മുന്നിൽ വിളമ്പും. കുട്ടി കരുതും അതെല്ലാം സുന്ദരമായ കാര്യങ്ങളാണെന്ന്. വളരുമ്പോൾ ഇത്തരം 'സുന്ദരമായ' പദാവലി കുട്ടി ശീലമാക്കും.

• അടുക്കും ചിട്ടയുടെ കാര്യങ്ങളിൽ ഒരു പരിശീലനവും നൽകില്ല.

• കുഞ്ഞ് വലിച്ചുവാരിയിട്ടിരിക്കുന്ന എല്ലാ വസ്തുക്കളും നാം തന്നെ പെറുക്കിയെടുത്ത് അതാതു സ്ഥാനത്ത് വെക്കും. ഇതോടെ കുഞ്ഞ് വിചാരിക്കും എനിക്ക് ഇത്തരത്തിൽ പെരുമാറാം. അതെല്ലാം നേരയാക്കേണ്ടത് മറ്റുള്ളവരുടെ ജോലിയാണ്. ⬢

---

**(സുവിശേഷ ശുശ്രൂഷ..... തുടർച്ച)**

കാര്യത്തിനു ദൈവം തങ്ങളെ യോഗ്യരായി എണ്ണി വേർതിരിച്ചതോർത്ത് എങ്ങനെ അടങ്ങിയിരിപ്പാൻ കഴിയും? ഭീഷണികളും പ്രതികൂലങ്ങളും പെരുകട്ടെ. സഹകാരികളെല്ലാവരും കൈവിടട്ടെ. അനുകൂലികൾ കുറയട്ടെ. ശുശ്രൂഷയ്ക്ക് എല്ലായിടത്തും എല്ലാവരും എതിർ പറയട്ടെ. ''ദൈവം എന്നെ വിശ്വസ്തനെന്നെണ്ണി ഈ ശുശ്രൂഷയ്ക്ക് ആക്കിയതു കൊണ്ട് ഞാൻ അവനെ സ്തുതിക്കുന്നു എന്നു പറയുവാൻ നിനക്കു കഴിയുമോ?

ദൈവിക ശുശ്രൂഷയുടെ മഹത്വം എന്തെന്ന് എടുത്തുകാണിപ്പാൻ ഈ ലേഖനദ്വാര ഉദ്ദേശിക്കുന്നില്ല. ഒറ്റവാക്കിൽ പരേതനായ പാസ്റ്റർ കെ. എം. സഖറിയാച്ചനോടു ചേർന്ന് നമുക്കും പാടാം.

ദൂതർക്കും കൂടവകാശം ലഭ്യമാകാ
തുള്ള രക്ഷ
ദൂതറിയിച്ചിടാൻ ഭാഗ്യം ലഭിച്ചെനിക്കു
ദൂതഗണം കാവലായ് നിന്നനുദിന
മെനിക്കവൻ
നൂതനാം ദൂതുകളും ഊനമെന്യേ
നൽകിടുന്നു

സുവിശേഷ ശുശ്രൂഷകരേ, നാം എത്ര ധന്യർ! നമ്മുടെ ശുശ്രൂഷ എത്ര മഹത്വകരം! ⬟

If you have been blessed by this Magazine please introduce it to others. To receive this magazine please contact :

**SUVARTHA PUBLICATIONS**
P.O. Box No. 17082, Tilaknagar,
Chembur, Mumbai - 400 089

ഫീൽഡ് ന്യൂസ്

# അത്ഭുത രോഗസൗഖ്യങ്ങൾ

## കാഴ്ച ലഭിച്ചു

കണ്ണിന്റെ കൃഷ്ണമണിയിൽ ഒരു പരു വന്ന് കാഴ്ച നഷ്ടപെട്ടു എന്നു മാത്രമല്ല കണ്ണിൽനിന്നും എപ്പോഴും

രാധാ ഭരത്

വെള്ളം വന്നുകൊണ്ടിരുന്ന രാധാ ഭരത് എന്ന സഹോദരിക്കുവേണ്ടി ഐ.പി.സി. മഹാകാലി കോളനി സഭ ശ്രദ്ധയോടെ പ്രാർത്ഥിച്ചു. മൂന്നാഴ്ചയ്ക്കുള്ളിൽ കണ്ണിന് സൗഖ്യം ലഭിച്ചു, കാഴ്ച തിരികെ കിട്ടി. ഇപ്പോൾ ഭർത്താവും ഒരു മകനും ഒരു മകളും അടങ്ങിയ ഈ കുടുംബം മഹാകാലി സഭയിൽ തുടർച്ചയായി ആരാധനയിൽ സംബന്ധിക്കുന്നു. നമ്മുടെ ദൈവം സൗഖ്യദായകനായ ദൈവമാണ്.

## സന്താനം ലഭിച്ചു

8 വർഷമായി കുട്ടികളില്ലാത ദുഃഖിതരായിരുന്ന ഒരു കുടുംബം ഐ.പി.സി. ഖുഗ്ലുസ് സഭയിൽ വന്നു. പാസ്റ്റർ റ്റി. ചാക്കോച്ചനും സഭയും ശ്രദ്ധയോടെ പ്രാർത്ഥിച്ചു. ആ കുടുംബത്തിൽ ഈ വർഷം ഒരു കുട്ടി ജനിച്ചു. നമ്മുടെ ദൈവം അത്ഭുതങ്ങളുടെ ദൈവമാണ്.

## എയ്ഡ്സ് രോഗി സൗഖ്യമായി

ചന്ദ്രപ്പൂർ ഡിസ്ട്രിക്റ്റിൽ വാണി ഗ്രാമത്തിൽ മോഹൻ നത്തൂർ എന്ന വ്യക്തി എയ്ഡ്സ് ബാധിച്ചു മരണക്കിടക്കയിൽ അഭയം പ്രാപിച്ചപ്പോൾ കുടുംബാംഗങ്ങളും ഉപേക്ഷിച്ചു. അവർ വീട്ടിൽ നിന്ന് ഇറക്കി. പരമ്പുകൊണ്ട് ഒരു ചായ്പ് ഉണ്ടാക്കി അവിടെ കിടത്തിയിട്ട് ഇയാളുടെ മരണത്തിനുവേണ്ടി കാത്തിരുന്നു. ശരീരം മുഴുവൻ വൃണങ്ങളാൽ നിറഞ്ഞിരുന്ന ഇയാളെ ഒന്നു നോക്കുവാൻ പോലും ആർക്കും താല്പര്യമോ ദയയോ തോന്നിയിരുന്നില്ല. വിവരമറിഞ്ഞ പാസ്റ്റർ ചാക്കോച്ചനും സഹോ. നെഹമ്യാവും കൂടി ഇയാളുടെ അടുത്തെത്തി തനിക്കുവേണ്ടി പ്രാർത്ഥിച്ചു. ദൈവം അത്ഭുതം പ്രവർത്തിച്ചു. ചില മാസങ്ങൾക്കകം രോഗം പൂർണ്ണമായും സൗഖ്യമായി. പിന്നീട് അയാൾ ബാംഗ്ലൂരിൽ ദൈവവചനം പഠിക്കുവാൻ പോയി. പഠനശേഷം ഇപ്പോൾ ജോലിയോടൊപ്പം സുവിശേഷവേല ചെയ്യുന്നു. നമ്മുടെ ദൈവത്താൽ കഴിയാത്ത വല്ല കാര്യവുമുണ്ടോ?

## Pray for IPC Maharashtra State

District Map of Maharashtra

- 10 IPC Districts
- 10 District Pastors
- 170 Churches
- 170 Pastors
- 50 PYPA Units
- 1000 Youth Participants
- 50 Sunday School Units
- 1000 Sunday School Students
- 200 Sunday School Teachers
- 3 Primary Schools in Villages
- 260 Students
- Hebron Bible Training Centre Panvel
- HBTC Extension Centre - Kalamboli (Evening Bible School)
- Suvartha Publications